# Envoys of Thailand, Romania, Kazakhstan and Turkey present credentials to the President of India

July 07, 2021

---

**തായ്‌ലൻഡ്, റൂമേനിയാ, കസാഖിസ്ഥാൻ കൂടാതെ തുർക്കി എന്നിവിടങ്ങളിലെ സ്ഥാനപതിമാർ രാഷ്ട്രപതിയ്ക്ക് യോഗ്യത പത്രം സമർപ്പിച്ചു.**

ജൂലൈ 07, 2021

തായ്‌ലൻഡ്, റൂമേനിയാ, കസാഖിസ്ഥാൻ റിപ്പബ്ലിക് കൂടാതെ തുർക്കി റിപ്പബ്ലിക് എന്നീ രാജ്യങ്ങളിൽ നിന്നുള്ള അംബാസിഡർമാരിൽ നിന്നും രാഷ്ട്രപതി ശ്രീ രാം നാഥ് കോവിന്ദ് ഇന്ന് നടന്ന ( 2021 ജൂലൈ 7 ) വിർച്വൽ ചടങ്ങിൽ വച്ച് യോഗ്യതാപത്രങ്ങൾ സ്വീകരിച്ചു. ഇനിപറയുന്നവരാണ് യോഗ്യത പത്രങ്ങൾ സമർപ്പിച്ചത്:

1. ശ്രീ.പട്ടാറത് ഹോങ്ടോംഗ്, അംബാസഡർ, തായ്‌ലൻഡ്

2. ശ്രീമതി ഡാനിയേല മരിയാന സെസോനോവ് ടെയ്ൻ, അംബാസഡർ, റൊമാനിയ

3. ശ്രീ. നൂർലാൻ സാൽഗാസ്ബയേവ്, അംബാസഡർ, കസാക്കിസ്ഥാൻ റിപ്പബ്ലിക്ക്

4.ശ്രീ ഫിറാത്സുനെൽ, അംബാസഡർ, തുർക്കി റിപ്പബ്ലിക്ക്

ചടങ്ങിൽ സംസാരിച്ച, രാഷ്ട്രപതി നിയമനം നേടിയ സ്ഥാനപതിമാർക്ക് ആശംസകൾ അറിയിച്ചു. എല്ലാ രാജ്യങ്ങളുമായും ഇന്ത്യ ഊഷ്മളവും സൗഹാർദ്ദപരവുമായ ബന്ധം നിലനിർത്തുന്നു. സമാധാനവും സമൃദ്ധിയും സംബന്ധിച്ച പൊതുവായ കാഴ്ചപ്പാടിലാണ് നമ്മുടെ ബന്ധങ്ങൾ ആഴത്തിൽ ഉറപ്പിച്ചിട്ടുള്ളതെന്നും അദ്ദേഹം പറഞ്ഞു.
കൂട്ടായ ആരോഗ്യവും സാമ്പത്തിക ക്ഷേമവും ഉറപ്പുവരുത്തുന്നതിനായി കോവിഡ് -19 പകർച്ചവ്യാധിയിൽ നിർണ്ണായകവും ഏകോപിതവുമായ പ്രതികരണം സൃഷ്ടിക്കാനുള്ള ആഗോള ശ്രമങ്ങളിൽ ഇന്ത്യ മുൻപന്തിയിലാണെന്ന് പ്രസിഡന്റ് കോവിന്ദ് അഭിപ്രായപ്പെട്ടു. കോവിഡിനെതിരായ ആഗോള പോരാട്ടത്തിൽ 'ഫാർമസി ഓഫ് ദി

വേൾഡ്' എന്ന നിലയിൽ ഇന്ത്യ നിരവധി രാജ്യങ്ങളെ അവശ്യ മരുന്നുകളും ഉപകരണങ്ങളും വിതരണം ചെയ്യാൻ സഹായിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.
അംബാസഡർമാർ / ഹൈക്കമ്മീഷണർമാർ എന്നിവർക്ക് അവരുടെ നേതൃത്വത്തിൽ നിന്ന് കൊണ്ടുള്ള ആശംസകൾ അറിയിക്കുകയും ഇന്ത്യയുമായുള്ള ബന്ധം ശക്തിപ്പെടുത്തുന്നതിനായി തുടർന്നും പ്രവർത്തിക്കുന്നതിനുള്ള പ്രതിബദ്ധത ആവർത്തിക്കുകയും ചെയ്തു.

ന്യൂ ഡൽഹി
ജൂലൈ 07, 2021

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.